**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6097 — 28.10.2011-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.കെ.ബാബു<br>(എക്സൈസും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) വിവിധ സർക്കാർ വകുപ്പുകളിലേയും, സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയും സ്ഥിരം ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ, പ്രസ്തുത ജീവനക്കാരുടെ മാതൃസ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന എൻ.ഒ.സി.- യും മറ്റും പരിശോധിച്ച്, അപേക്ഷകന്റെ സേവനം കോർപ്പറേഷന്റെ ഭരണപരമായ ആവശ്യങ്ങൾക്ക് അനുയോജ്യമെന്ന് ബോധ്യപ്പെട്ടാൽ, അഡ്ഹോക്ക് വേക്കൻസികളിലേക്ക് നിയമനത്തിന് അംഗീകാരം നൽകി വരുന്നു. |
| (ബി) വിദ്യാഭ്യാസ വകുപ്പിലെ എത്ര അദ്ധ്യാപക തസ്തികയിലുള്ളവർ ബിവറേജസ് കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്ലറ്റുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ടെന്നതിന്റെ ജില്ലാതല കണക്ക് വെളിപ്പെടുത്തുമോ ? | (ബി) അദ്ധ്യാപക തസ്തികയിലെ 4 പേർ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇപ്പോൾ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ ജോലി നോക്കി വരുന്നു.<br><br>തിരുവനന്തപുരം ജില്ലയിൽ 2 പേരും, കൊല്ലം, കണ്ണൂർ ജില്ലകളിൽ ഒരാൾ വീതവും ഇപ്രകാരം ജോലി നോക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.